ഉത്തരം

(എ) ചന്ദ്രബോസ് വധക്കേസ് ബഹുമാനപ്പെട്ട തൃശ്ശൂർ നാലാം ക്ലാസ് അഡീഷണൽ സെഷൻസ് കോടതിയിൽ 300/2015 നമ്പർ ആയി വിചാരണയ്ലാണ്.

(ബി -ഡി) ഇക്കാര്യം സംബന്ധിച്ച് തീരുമാനമായിട്ടില്ല.

(ഇ) പരാതി നൽകിയിട്ടില്ല.

**കാസർഗോഡ് ജില്ലയിലെ ഷാഹുൽ ഹമീദിന്റെ മരണം**

225 (229) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ പള്ളിക്കര മുള്ളട് സ്വദേശിയും ഉദുമ കണ്ണംകുളത്ത് വാടക ക്വാർട്ടേഴ്സിൽ താമസക്കാരനുമായ ഷാഹുൽ ഹമീദ് ആക്രമത്തിൽ മരിക്കുകയും സഹോദരൻ ബാദുഷ ഗുരുതരമായി പരുക്കേൽക്കുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഇത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; ആരൊക്കെയാണ് പ്രതികൾ ; എത്ര പേരെ പിടികൂടിയിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) പ്രതികളായിട്ടുള്ളവർക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുമായോ സംഘടനകളുമായോ ബന്ധമുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) പ്രദേശത്ത് കുത്തിക്കൂട്ടി കലാപം ഉണ്ടാക്കുക എന്ന ഗൂഢ ഉദ്ദേശം മേൽ കൊലപാതകത്തിന്റെ പിന്നിലുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 12-5-2015-ാം തീയതി രാത്രി 1.15 മണിക്ക് പള്ളിക്കര ഗ്രാമത്തിൽ മണ്ണംകുളം ഗ്രീൻവുഡ് ഹൈസ്കൂളിന് മുൻവശം റോഡിൽ വച്ച് മോട്ടോർ സൈക്കിളിൽ സഞ്ചരിക്കുകയായിരുന്ന ഷാഹുൽ ഹമീദ്, സഹോദരൻ ബാദുഷ എന്നിവരെ പ്രതികൾ തടഞ്ഞുനിർത്തി മാരകായുധമായ മരവടികൊണ്ട് അടിച്ച് പരിക്കേൽപ്പിക്കുകയും പരിക്കേറ്റ ഷാഹുൽ ഹമീദ് മരണപ്പെടുകയും സഹോദരൻ ബാദുഷയെ ചികിൽസയ്ക്കായി മംഗലാപുരം യൂണിറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുമുണ്ടായി.

(ബി) സംഭവം സംബന്ധിച്ച് ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 362/2015 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ടി കേസിലെ അറസ്റ്റ് ഉൾപ്പെടെയുള്ള പ്രതികളുടെ പേരു വിവരം മുറയ്ക്ക് ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1. മുഹമ്മദ് റഹീസ്, S/o ഹംസ (15-5-2015-ൽ അറസ്റ്റ് ചെയ്തു)
2. മുഹമ്മദ് ഇർഷാദ് @ കാവു, S/o ഹംസ (15-5-2015-ൽ അറസ്റ്റ് ചെയ്തു)
3. ഷാഹിദ്
4. ഷിയാബ്, S/o. ഹംസ (28-5-2015-ൽ അറസ്റ്റ് ചെയ്തു)
5. സർഫ്രാസ്
6. ആസിഫ്
7. ഷബീർ ഷാഫി
8. ഹാരൂഫ്

(പ്രസ്തുത കേസിലെ 3, 5, 6, 7, 8 പ്രതികളെ അറസ്റ്റ് ചെയ്യാൻ ശ്രമിച്ചു വരുന്നു.)

(സി) പ്രതികൾ ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിന്റെ പ്രവർത്തകരാണെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ട്.

(ഡി) സ്ഥലത്ത് രാഷ്ട്രീയ സംഘർഷം ഉണ്ടാക്കുകയെന്ന ഉദ്ദേശത്തോടുകൂടി ആറാട്ടുകടവുകാരനായ സി.പി.ഐ.(എം) പാർട്ടി പ്രവർത്തകനാണെന്ന് തെറ്റിദ്ധരിച്ച് കൊല ചെയ്യപ്പെട്ട ഷാഹുൽ ഹമീദിനെ ആളുമാറി കൊലപ്പെടുത്തുകയാണുണ്ടായതെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ട്.

**ക്രിമിനൽ കേസുകൾ പിൻവലിക്കൽ**

226 (230) ഡോ. കെ. ടി. ജലീൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ നിരാക്ഷേപ പത്രം നൽകി പിൻവലിച്ച ക്രിമിനൽ കേസ്സുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ :

(ബി) ഇതിനായി പരിഗണനയിലുള്ള കേസ്സുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) വിജിലൻസ് കോടതിയുടെ പരിഗണനയിലുള്ള എത്ര കേസ്സുകൾ പിൻവലിക്കുന്നതിന് നിരാക്ഷേപപത്രം നൽകിയിട്ടുണ്ട് ;

(ഡി) ഏതെല്ലാം കേസ്സുകളാണ് ഇത്തരത്തിൽ പിൻവലിക്കുന്നതിന് നിരാക്ഷേപപത്രം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 5089 കേസുകൾ.

LIBRARY ARCHIVES Kerala Legislative Assembly